# നീരിന്റെ നേരറിവുകൾ നാട്ടറിവുകളായി

ഷീബ അമീർ

അറിവിന്റെ നിലവറകളായിരുന്നു നാട്ടറിവുകൾ. "നീരറിവുകളിൽ" പറയുന്ന ചൊല്ല്: "ഉപ്പുതിന്നവൻ വെള്ളം കുടിക്കും" എന്നത് എത്ര ശരിയെന്ന് കാലം സാക്ഷ്യപ്പെടുത്തും. നമുക്ക് നഷ്ടപ്പെട്ടതും വിവേകത്തിലൂടെ വീണ്ടെടുക്കാവുന്നതും ഈ പുസ്തകത്തിൽ അന്വേഷിക്കുന്നുണ്ട്. ഡോ. എം.വി. വിഷ്ണുനമ്പൂതിരിയുടെ നീരറിവുകൾ എന്ന അദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾ അതിമനോഹരമെന്നോ, അതിമൃദുലമെന്നോ പറയാനാണ് ആഗ്രഹിയ്ക്കുക. ജലപരിജ്ഞാനം, വംശീയമായി, ആശാരിമാരിലൂടെ പകർന്നുകിട്ടിയതിനെക്കുറിച്ചെഴുതിയ അദ്ധ്യായത്തിൽ, ബാഹ്യമായ നിരീക്ഷണത്തിലൂടെ ഭൂമിയ്ക്കടിയിലെ നീരൊഴുക്കിനെക്കുറിച്ച് മനസ്സിലാക്കുന്നത് മരങ്ങളിലൂടെയും അതിന്റെ ചില്ലയുടെ, പൂക്കളുടെ വ്യത്യാസങ്ങളിലൂടെയാണെന്നും അറിയുമ്പോൾ നാം ഈ അറിവുകളെ മാത്രമല്ല, ഈ മരങ്ങളേയും കൂടുതൽ കൂടുതൽ സ്നേഹിയ്ക്കുകയും, ബഹുമാനിയ്ക്കുകയും ചെയ്യും. നമുക്ക് കാര്യങ്ങൾ പറഞ്ഞുതരാൻ എത്ര ലളിതമായ രീതിയാണ് പ്രകൃതി കൈകൊണ്ടിരുന്നത്. ഒപ്പം തന്നെ മഴലക്ഷണങ്ങളെക്കുറിച്ചും പ്രതിപാദിയ്ക്കുന്നുണ്ട്. പൂച്ചകൾ ഭൂമിയിൽ സദാ നഖങ്ങളാൽ മാന്തുന്നതും, ഉറുമ്പുകൾ ഒരിടത്തുനിന്ന് മറ്റൊരിടത്തേയ്ക്ക് മുട്ടകൾ കൊണ്ടുപോകുന്നതും മഴയുണ്ടാകുന്നതിന്റെ ലക്ഷണമാണെന്ന് നമുക്ക് അറിവ് പകർന്നു കിട്ടുമ്പോൾ, ഇനിയത്തെ തലമുറയ്ക്ക് പറഞ്ഞുകൊടുക്കാവുന്ന നൂറ് കഥകളേക്കാൾ വിലപ്പെട്ടവയാണത്. മഴയെക്കുറിച്ചുള്ള പഴമൊഴികളെക്കൊണ്ടും, കടംകഥകളെകൊണ്ടും, നാടൻ പാട്ടുകളെക്കൊണ്ടും സമൃദ്ധമാണ് ഈ പുസ്തകം.

ഡോ. സി.ആർ. രാജഗോപാൽ തയ്യാറാക്കിയ മഴയുടെ നാട്ടറിവുകൾ എന്ന അദ്ധ്യായത്തിൽ മഴയെക്കുറിച്ചും ജലസംഭരണികളെക്കുറിച്ചും കുറച്ചുകൂടി ആധികാരികമായ വിവരങ്ങൾ നമുക്ക് ലഭിയ്ക്കുന്നു. കനാലുകളേയും, ഡാമുകളേയും ആശ്രയിച്ച് ഇന്ന് കൃഷിചെയ്യുമ്പോൾ സംഭവിയ്ക്കുന്ന കെടുതികളെക്കുറിച്ചും, ആത്മഹത്യകളെക്കുറിച്ചും ദിവസേന കേൾക്കുമ്പോൾ ഈ അദ്ധ്യായത്തിൽ പറയുന്നപോലെ "ഋതുഭേദങ്ങളുടെ സൂക്ഷ്മമായ താളങ്ങൾ മനസ്സിലാക്കി, സൂര്യചന്ദ്രന്മാരുടെ ഗതിവിഗതികൾ മനസ്സിലാക്കി, ഉദയാസ്തമയങ്ങൾ-പ്രകൃതി നിയമം-മനസ്സിലാക്കി അവയെ സംസ്കാരത്തിന് ഉചിതമായ വിധത്തിൽ മനക്കണക്കുകൊണ്ട് നിർണ്ണയിച്ച് കൃഷി ചെയ്തിരുന്ന ഗ്രാമീണ കൃഷിവലന്മാരുടെ കാലത്തേയ്ക്കുള്ള തിരിച്ചുപോക്ക് അസാധ്യമാണല്ലോ എന്നോർത്ത് തീർച്ചയായും നാം ദുഃഖിയ്ക്കും. ജലവിനിയോഗത്തിന്റെ നാട്ടറിവിലെ പാനീയങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ വളരെ ഉപകാരപ്രദം. രാസ




വസ്തുക്കളടങ്ങിയ പാനീയങ്ങളെ നമ്മളെന്തിന് തേടിപ്പോകുന്നു എന്ന് മനസ്സിലാക്കി, ഇത്തരം പാനീയങ്ങളിലേയ്ക്കുള്ള തിരിച്ചുപോക്കും എളുപ്പം സാദ്ധ്യമാണ്.

ഇടം ഇല്ലാതാകുന്ന നീരറിവുകളിൽ ഡോ. എ.നുജും പകർന്നുതരുന്ന കുളിയുടെ നാട്ടറിവുകൾ. ഇത് വായിച്ച് മനസ്സിലാക്കാൻ ഇനിയും വൈകിയില്ലല്ലോ എന്ന് സമാധാനിയ്ക്കാം. ഡോ. ശശിധരന്റെ വെട്ടത്തുനാടിന്റെ പരദേവതയെക്കുറിച്ചുള്ള പരാമർശവും ഡോ. കോറമംഗലം നാരായണൻ നമ്പൂതിരിയുടെ മീനമൃതിന്റെ അർത്ഥതലങ്ങൾ എന്ന അദ്ധ്യായത്തിൽ നിന്നും കലശോത്സവം ഉള്ള കാവുകളിൽ നടക്കുന്ന മീനമൃത് എന്ന വിശേഷാൽ ചടങ്ങിനെക്കുറിച്ചും അറിയാം. നാടോടി ജലസംരക്ഷണരീതികളെക്കുറിച്ചും, ജലസേചന യന്ത്രങ്ങളെക്കുറിച്ചും കെ.പി. ദിലീപ്കുമാർ എഴുതിയിട്ടുണ്ട്. ഉപയോഗത്തിലുണ്ടായതും, നാമാവിശേഷമായിക്കൊണ്ടിരിയ്ക്കുന്നതുമായ വേത്ത്, കയറ്റുകൊട്ട, ചക്രം, തുലാൻ തുടങ്ങിയ ഉപകരണങ്ങളെക്കുറിച്ച് ലഭിയ്ക്കുന്ന അറിവുകൾ മനസ്സിലാക്കി നാം ഏതെങ്കിലും മ്യൂസിയത്തിലെങ്കിലും ഇവയെതേടി ചെല്ലാതിരിക്കില്ല. കാളത്തേക്കിനെക്കുറിച്ച് വായിച്ചാൽ പലർക്കും അവരുടെ കുട്ടിക്കാലത്തിൽ തിരിച്ചെത്താം. കുട്ട ചെരിഞ്ഞ്, പടുക്കയിലേയ്ക്ക് വെള്ളം വീഴുമ്പോൾ അതിന് ചുവട്ടിൽ നിന്നും കുളിയ്ക്കാൻ അനുവാദത്തിനായി കാത്തു നില്ക്കും പണ്ട്.

സി.ജി.എൻ.ന്റെ കുളങ്ങൾ, ജലസംഭരണികൾ, ബാബു ദിവാകരനും കീഴില്ലം ഉണ്ണികൃഷ്ണനും കൂടി തയ്യാറാക്കിയ കിണർ നോട്ടത്തിന്റെ നാട്ടുരീതികൾ, ബൈജു ചൂണ്ടലും, കണ്ണൻ പല്ലിശ്ശേരിയും തയ്യാറാക്കിയ നെല്ലിപ്പടിയിട്ട കിണർ, പി.രഘുവിന്റെ വർഷത്തിന്റെ കടലറിഞ്ഞ തങ്ങൾ, വർക്കി ഏടക്കളത്തൂരിന്റെ കൊടുംപാപിയും, കൊപ്പിയാളയും കരികുന്നം രാമചന്ദ്രൻ നായരുടെ 40-ാം നമ്പർ മഴയും 100-ാം നമ്പർ മഴയും, ദേവി-കെ.കെ.യും, ശ്രീധരനും ചേർന്നെഴുതിയ നാട്ടുകുടികളും താളികളും എല്ലാം കേട്ടറിവുള്ള ഒട്ടേറെ പേർക്ക്, ഇക്കാര്യങ്ങളെക്കുറിച്ച് വിശദമായി മനസ്സിലാക്കാനുതകുന്നതും ഒട്ടും അറിയാത്തവർക്ക് അതിലേറെ ഉപകാരപ്രദവുമാണ്.

*നാട്ടറിവ് പരമ്പരയിലെ നീരറിവുകൾ എഡിറ്റ് ചെയ്തിരിക്കുന്നത് ഡോ. എ. നുജും. ജനറൽ എഡിറ്റർ : ഡോ. സി.ആർ. രാജഗോപാലനുമാണ്. പേജ് 122, വില 65 രൂപ. ഡി.സി. ബുക്സ്, കോട്ടയം.*

**കേരളത്തിൽ വേനൽക്കാലത്തും മറ്റും ഉപയോഗിച്ചിരുന്ന പാനീയങ്ങളുടെ പേരുകൾ**

1. കഞ്ഞിവെള്ളം
2. തെങ്ങിൻകള്ള്
3. മലർവെള്ളം
4. അവിൽവെള്ളം - അവിൽ, ചെറുപഴം, ശർക്കര
5. നന്നാറിവെള്ളം
6. തുളസിവെള്ളം
7. കരിങ്ങാലിവെള്ളം
8. പനങ്കള്ള്
9. ചുക്ക് കാപ്പി
10. നെല്ലിക്കവെള്ളം
11. മല്ലിവെള്ളം
12. ചുക്കുവെള്ളം
13. കുരുമുളക്-ഇഞ്ചിവെള്ളം
14. ബാർലിവെള്ളം
15. വയൽച്ചുള്ളി വെള്ളം
16. സംഭാരം
17. പാനകം - ചക്കര, നാളികേരം, ചുക്ക്, ജീരകം
18. തേൻവെള്ളം
19. നാരങ്ങാവെള്ളം
20. ജീരകവെള്ളം
21. കുമ്പളനീര്
22. ഉണ്ണിപ്പിണ്ടിനീര്
23. ഇളനീര്
24. ഉലുവയിട്ടവെള്ളം
25. കുറുന്തോട്ടിവെള്ളം
26. ഉണക്കമുന്തിരിവെള്ളം
27. ചിരട്ടയിട്ടവെള്ളം
28. പേരയിലവെള്ളം